സംബന്ധമായ നിയമങ്ങൾ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, തീരദേശ നിയന്ത്രണ നിയമം തുടങ്ങിയവയിലെ വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്. വിവിധ ഏജൻസികളിൽ നിന്നുള്ള കൺകറൻസുകളും ലഭ്യമാക്കിയിരിക്കണം. കൂടാതെ ഹൈറൈസ് കെട്ടിടങ്ങളുടെയും, ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെയും ക്രമവൽക്കരണത്തിന് സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റുകളും നിഷ്കർഷിച്ചിട്ടുണ്ട്. എഫ്.എ.ആർ., കവറേജ് ഓപ്പൺ സ്പേസ്, വഴിയുടെ വീതി, പാർക്കിംഗ്, റിക്രിയേഷൻ സ്പേസ്, തുടങ്ങി വിവിധ ചട്ടവ്യവസ്ഥകൾ എത്രത്തോളം വിവിധ നിർമ്മാണങ്ങൾക്ക് ബാധകമാകുമെന്നും പ്രസ്തുത ക്രമവൽക്കരണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) അനധികൃത കെട്ടിടങ്ങൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് 2010-ലെ 25,26 നമ്പറുകളിലുള്ള ഓർഡിനൻസുകൾ മുഖേന കേരള പഞ്ചായത്തിരാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ യഥാക്രമം 235 AB, 407 വകുപ്പുകൾക്ക് ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ

23(*53) ശ്രീ. വി. ശശികുമാർ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സേനയിൽ വിവിധ കാറ്റഗറികളിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) പോലീസിൽ വനിതാ ബറ്റാലിയൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ഡി) പോലീസിൽ വനിതാ എസ്ഐ. മാരെ നേരിട്ടു നിയമിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ;

(ഇ) പോലീസ് വകുപ്പിൽ പ്രൊമോഷൻ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി: (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):

(എ&ബി) പോലീസ്സേനയുടെ അംഗബലം വർദ്ധിപ്പിക്കാൻ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 ഫെബ്രുവരി 1-ാം തീയതി വരെ പോലീസ് വകുപ്പിൽ വിവിധ കാറ്റഗറികളിലായി 1008 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. (തസ്തിക തിരിച്ചുള്ള വിശദവിവരം അനുബന്ധം I*-ൽ ചേർത്തിട്ടുണ്ട്.

കൊല്ലം, തൃശ്ശൂർ പോലീസ് ജില്ലകളിൽ കമ്മീഷണറേറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ പോലീസ് ജില്ലകൾ വിഭജിച്ച് കൊല്ലം സിറ്റി പോലീസ് യൂണിറ്റ്, കൊല്ലം റൂറൽ പോലീസ് യൂണിറ്റ്, തൃശ്ശൂർ സിറ്റി പോലീസ് യൂണിറ്റ് എന്നിവ അനുവദിച്ച് 5-2-2011-ലെ സ.ഉ.(എം. എസ്) നമ്പർ 32/2011/ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം 265 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. (സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്.* .

ഇന്ത്യാ ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശാനുസരണം സംസ്ഥാനത്ത് ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ സ്ഥാപിക്കുന്നതിനായി 1007 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. (തസ്തിക തിരിച്ചുള്ള വിശദവിവരം അനുബന്ധം III*-ൽ ചേർത്തിട്ടുണ്ട്.

ട്രെയിനിംഗ് ഉദ്ദേശത്തിനായി ആംഡ് പോലീസ് ബറ്റാലിയനിൽ 9 മാസത്തേക്കായി താൽകാലികമായി 673 തസ്തികകൾ 28-05-2010-ലെ സ.ഉ.(എം.എസ്.) നം.119/2010/ആഭ്യന്തരം പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. (തസ്തിക തിരിച്ചുള്ള വിശദവിവരം അനുബന്ധം III*-ൽ ചേർത്തിട്ടുണ്ട്.

(സി) വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിക്കുന്നത് സംബന്ധിച്ച പഠനം നടത്താൻ അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ (ഇന്റലിജൻസ്)-ന്റെനേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) 28-05-2009 -ലെ സ.ഉ.(പി)നം. 65/2009/ആഭ്യന്തരം പ്രകാരം വനിതാ എസ്.ഐ.മാരെ നേരിട്ട് നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ തസ്തികയിൽ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് മാത്രമേ നിയമന നടപടികൾ ആരംഭിക്കുകയുള്ളൂ.

(ഇ) പോലീസുകാർക്ക് കരിയർ പ്ലാനിംഗ് നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ പോലീസുകാരുടെ എണ്ണത്തിന് ആനുപാതികമായി മിനിസ്റ്റീരിയൽ വിഭാഗത്തിന് തസ്തികകൾ സൃഷ്ടിക്കുന്നതിനും വിവിധ തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും വേണ്ട നടപടികൾ സർക്കാർ പരിശോധിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly